ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1018

# സൂറ – 32 / അസ്സജദ

**സൂക്തം: 7 – 11**

അല്ലാഹുവിന്റെ സർവ സൃഷ്ടികളും സൗന്ദര്യത്തിന്റെ ആവിഷ്കാരമാണ്. മനുഷ്യനു ലഭിച്ചിട്ടുള്ള രൂപത്തേക്കാൾ സുന്ദരമായ മറ്റൊരു രൂപം നമുക്ക് സങ്കൽപിക്കാനാവില്ല. ഈ രൂപത്തിനകത്ത്, മനുഷ്യജന്മം കൊണ്ട് ഉദ്ദേശിക്കപ്പെട്ട ലക്ഷ്യം പ്രാപിക്കാനാവശ്യമായ ഒട്ടേറെ മഹത്തായ ഗുണങ്ങളും യോഗ്യതകളും നിക്ഷേപിച്ചിരിക്കുന്നതിനാൽ രൂപം പോലെ അല്ല, അതിലധികം അവന്റെ ഉള്ളും അല്ലാഹു സുന്ദരമാക്കിയിരിക്കുന്നു.

الَّذِي أَحْسَنَ كُلَّ شَيْءٍ خَلَقَهُ ۖ وَبَدَأَ خَلْقَ الْإِنسَانِ مِن طِينٍ ﴿٧﴾
ثُمَّ جَعَلَ نَسْلَهُ مِن سُلَالَةٍ مِّن مَّاءٍ مَّهِينٍ ﴿٨﴾
ثُمَّ سَوَّاهُ وَنَفَخَ فِيهِ مِن رُّوحِهِ ۖ وَجَعَلَ لَكُمُ السَّمْعَ وَالْأَبْصَارَ وَالْأَفْئِدَةَ ۚ قَلِيلًا مَّا تَشْكُرُونَ ﴿٩﴾

7. താൻ സൃഷ്ടിച്ച വസ്തുക്കളെല്ലാം സുന്ദരമാക്കിയവൻ. മർത്യസൃഷ്ടി കളിമണ്ണിൽനിന്നു തുടങ്ങിയവൻ.

8. പിന്നെ അവന്റെ വംശാവലി ഹീനമായ ഒരു ദ്രാവക സത്തിൽനിന്നാക്കി.

9. എന്നിട്ടവനെ സന്തുലിതമായി രൂപപ്പെടുത്തി. അതിൽ അവങ്കലുള്ള ആത്മാവിനാൽ ഊതി. നിങ്ങൾക്കു കാഴ്ചയും കേൾവിയും ചിന്തിക്കുന്ന മനസ്സും തന്നു. എത്ര തുഛമായേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ!

**7–9**

الَّذِي أَحْسَنَ = സുന്ദരമാക്കിയവൻ كُلَّ شَيْءٍ خَلَقَهُ = താൻ സൃഷ്ടിച്ച വസ്തുക്കളെല്ലാം

وَبَدَأَ خَلْقَ الْإِنسَانِ = (യവൻ) മനുഷ്യസൃഷ്ടി അവൻ തുടങ്ങി مِن طِينٍ = മണ്ണിൽനിന്ന് (ആകുന്നു)

ثُمَّ جَعَلَ نَسْلَهُ = പിന്നെ അവന്റെ വംശാവലി ആക്കി مِن سُلَالَةٍ مِّن مَّاءٍ مَّهِينٍ = ഹീനമായ ഒരു ദ്രാവക സത്തിൽനിന്ന്

ثُمَّ سَوَّاهُ = എന്നിട്ടവനെ സമപ്പെടുത്തി (സന്തുലിതമായി രൂപപ്പെടുത്തി) وَنَفَخَ فِيهِ = അവനിൽ ഊതി

مِن رُّوحِهِ = അവന്റെ (വങ്കലുള്ള) ആത്മാവിനാൽ وَجَعَلَ لَكُمُ = നിങ്ങൾക്ക് ആക്കി (തന്നു)

السَّمْعَ وَالْأَبْصَارَ = കേൾവിയും കണ്ണുകളും (കാഴ്ചയും) وَالْأَفْئِدَةَ = ചിന്തിക്കുന്ന മനസ്സും

قَلِيلًا مَّا تَشْكُرُونَ = എത്ര തുഛമായേ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ!

അല്ലാഹു സ്രഷ്ടാവും സർവജ്ഞനും സർവശക്തനും കരുണാമയനുമാകുന്നു എന്ന തത്ത്വം ഉറപ്പിച്ചശേഷം പരലോകം എന്ന തത്ത്വത്തിലേക്ക് കടക്കുന്നതിനുള്ള ആമുഖമാണീ സൂക്തങ്ങൾ. അവൻ സൃഷ്ടിച്ചതൊക്കെയും സുന്ദരമായിത്തന്നെ സൃഷ്ടിച്ചിരിക്കുന്നു. أَحْسَنَ എന്ന മൂല പദത്തിന്റെ സാരം ആന്തരികമായും ബാഹ്യമായും നന്നാക്കുകയും സുന്ദരമാക്കുകയും ചെയ്തു എന്നാണ്. അവന്റെ സൃഷ്ടികളുടെ ഉള്ളും പുറവും സുന്ദരമാണ്. സുന്ദരമായി സൃഷ്ടിച്ചു. أَحْسَنَ كُلَّ شَيْءٍ خَلَقَهُ എന്ന വാക്യം സൃഷ്ടി സലക്ഷ്യവും സോദ്ദേശ്യവുമാണെന്നു കൂടി കുറിക്കുന്നു. ഒരാവിഷ്കാരത്തിന്റെ ബാഹ്യസൗന്ദര്യം جمال ആണ്. ആന്തരിക സൗന്ദര്യവും കൂടി ഉണ്ടാകുമ്പോഴാണ് ഇത് حسن ആകുന്നത്. ഉള്ളു പൊള്ളയായതും ജീർണമായതും ബാഹ്യദൃഷ്ടിയിൽ സുന്ദരം- جَمِيل ആവാം. പക്ഷേ നല്ലത് -حَسَن ആവില്ല. ആവിഷ്കാരം സലക്ഷ്യവും ആ ലക്ഷ്യം പ്രാപിക്കാനാവശ്യമായ യോഗ്യതകൾ ഉൾക്കൊള്ളുന്നതുമാകുമ്പോഴാണ് അത് ആന്തരികമായി സുന്ദരം ആകുന്നത്. ഇങ്ങനെ ഉള്ളും പുറവും നന്നാവുകയാണ് حَسَن. ഈയർഥത്തിൽ അല്ലാഹുവിന്റെ സർവ സൃഷ്ടികളും സൗന്ദര്യത്തിന്റെ ആവിഷ്കാരമാണ്. മനുഷ്യനു ലഭിച്ചിട്ടുള്ള രൂപത്തേക്കാൾ സുന്ദരമായ മറ്റൊരു രൂപം നമുക്ക് സങ്കൽപിക്കാനാവില്ല. ഈ രൂപത്തിനകത്ത്, മനുഷ്യജന്മം കൊണ്ട് ഉദ്ദേശിക്കപ്പെട്ട ലക്ഷ്യം പ്രാപിക്കാനാവശ്യമായ ഒട്ടേറെ മഹത്തായ ഗുണങ്ങളും യോഗ്യതകളും നിക്ഷേപിച്ചിരിക്കുന്നതിനാൽ രൂപം പോലെ അല്ല, അതിലധികം അവന്റെ ഉള്ളും അല്ലാഹു സുന്ദരമാക്കിയിരിക്കുന്നു. ഇതുതന്നെയാണ് പ്രകൃതിയിലെ എണ്ണമറ്റ സൃഷ്ടികളുടെ അവസ്ഥ. ചില സൃഷ്ടികൾ നമുക്ക് വിരൂപവും വൃത്തികെട്ടതുമായി തോന്നാം. പക്ഷേ അവയുടെ ജീവിത ധർമം പഠിച്ചുനോക്കിയാൽ ആ രൂപം തന്നെയാണവക്ക് സൗന്ദര്യമെന്ന് മനസ്സിലാകും. പ്രകൃതി മൊത്തത്തിൽ ഒരു മഹാ സൗന്ദര്യാവിഷ്കാരമാണ്. ആ സൗന്ദര്യത്തിന്റെ അപൂർണമായ അനുകരണമാണ് മനുഷ്യന്റെ സൗന്ദര്യാവിഷ്കാരങ്ങളെല്ലാം. പ്രകൃതിയെയും അതിലുള്ള ജീവിതത്തെയും മാറ്റിനിർത്തിക്കൊണ്ട് സാഹിത്യകാരന്മാർക്കോ കലാകാരന്മാർക്കോ ഒരു സൗന്ദര്യവും ആവിഷ്കരിക്കാനാവില്ല. ഒരേ സമയം മാംസദൃഷ്ടി കൊണ്ടും മനക്കണ്ണുകൊണ്ടും പ്രകൃതിയുടെ സൗന്ദര്യത്തിലേക്ക് കണ്ണോടിക്കുന്നവർക്ക് ഏറ്റവും സുന്ദരമായി സൃഷ്ടിക്കുന്ന മഹാനുഗ്രഹകൻ തന്നെയാണ് അല്ലാഹു- تَبَارَكَ اللَّهُ أَحْسَنُ الْخَالِقِينَ എന്ന് അനായാസം ബോധ്യപ്പെടും. ആന്തരികവും ബാഹ്യവുമായ സൗന്ദര്യം ഒത്തിണങ്ങിയ ഇത്രയും വിപുലമായ പ്രപഞ്ചത്തെ അവൻ സൃഷ്ടിച്ചുവെച്ചത് അലക്ഷ്യമായിട്ടോ ഉദ്ദേശ്യരഹിതമായിട്ടോ ആണെന്നു കരുതാൻ അവർക്കു കഴിയില്ല. സത്യവും മിഥ്യയും വേർതിരിയുകയും സത്യം പുരസ്കരിക്കപ്പെടുകയും മിഥ്യ തൂത്തെറിയപ്പെടുകയും ചെയ്യുന്ന ഒരവസരം തീർച്ചയായും ഉണ്ടായിരിക്കണം.

وَبَدَأَ خَلْقَ الْإِنسَانِ مِن طِينٍ എന്ന പ്രസ്താവന, അല്ലാഹു സൃഷ്ടിച്ചതെല്ലാം ഭംഗിയായി തന്നെ സൃഷ്ടിച്ചു എന്നതിനു തെളിവു തേടി പുറത്തെങ്ങും പോകണ്ട, മനുഷ്യൻ തന്നിലേക്കു തന്നെ നോക്കിയാൽ മതി എന്നോർമിപ്പിക്കുകയാണ്. അല്ലാഹുവിന്റെ നിസ്തുലമായ സൗന്ദര്യാവിഷ്കാരത്തിന്റെ ഉദാഹരണമാണവൻ. സ്വന്തം സൃഷ്ടിയുടെ ഓരോ ദശകളെയും കുറിച്ചാലോചിച്ചുനോക്കുക. ഓരോ ദശയിലും അവന്റെ കഴിവിന്റെയും യുക്തിജ്ഞതയുടെയും പരിപാലകത്വത്തിന്റെയും ദൃഷ്ടാന്തങ്ങൾ വിളങ്ങിക്കാണാം. സ്വന്തം സൗന്ദര്യത്തിലും യോഗ്യതകളിലും നിഗളിക്കുന്നവരെ അല്ലാഹു ഉണർത്തുകയാണ്: കേവലം കളിമണ്ണിൽനിന്നാണ് നിങ്ങളുടെ ഉത്ഭവം. കളിമണ്ണുകൊണ്ടുണ്ടാക്കിയ രൂപത്തെ അവൻ ജീവത്താക്കി. അതാണ് നിന്റെ പ്രഥമ ദശ.

മനുഷ്യസൃഷ്ടിയുടെ രണ്ടാം ദശയാണ് ثُمَّ جَعَلَ نَسْلَهُ مِن سُلَالَةٍ مِّن مَّاءٍ مَّهِينٍ അവതരിപ്പിക്കുന്നത്. രണ്ടാം ദശയിൽ മനുഷ്യന്റെ വംശനീൾച്ചക്കുവേണ്ടി അവനിൽതന്നെ ഹീനമായ ഒരു ദ്രാവക സത്ത് ഉൽപാദിപ്പിച്ചു. സന്തുലിതമാക്കലും ഡിസൈൻ ചെയ്യലും നിരപ്പാക്കലും നിർമിക്കലുമെല്ലാം تسوية -ന്റെ ആശയങ്ങളിൽപെടുന്നു. പിന്നെ രൂപം സന്തുലിതമായി രൂപകൽപന ചെയ്തു എന്നാണ് ثُمَّ سَوَّاهُ -ന്റെ ആശയം. കൈയും കാലും നാക്കും മൂക്കും കാതും കണ്ണും നൽകി അവനെ അലങ്കരിച്ചു. എന്നിട്ട് കാതിനു കേൾവിയും കണ്ണിനു കാഴ്ചയും നൽകി ഫിനിഷ് ചെയ്തു. മൂന്നാമത്തെ ദശയിൽ അല്ലാഹു അവനിൽ ആത്മാവൂതി. وَنَفَخَ فِيهِ مِن رُّوحِهِ -അവനിൽ അവന്റെ റൂഹിൽനിന്ന് ഊതി- എന്നാണ് പറയുന്നത്. ജീവന്നും ആത്മാവിനും ജിബ്രീൽ എന്ന മലക്കിനും رُوح എന്നു പറയും. ജീവനുപരിയായി മനുഷ്യർക്ക് ലഭിച്ച ആത്മചൈതന്യമാണ് ഇവിടെ ഉദ്ദേശ്യം. അവന്റെ ആത്മാവിൽനിന്ന് ഒരംശം മനുഷ്യനിലേക്ക് വിക്ഷേപിച്ചു എന്നല്ല ഉദ്ദേശ്യം. അവങ്കലുള്ള എണ്ണമറ്റ അനുഗ്രഹങ്ങളിലൊന്നായ ആത്മചേതനയിൽനിന്ന് ഒരു ഭാഗം വിക്ഷേപിച്ചു എന്നാണ്. ജീവനും ജഡവും പോലെ മനുഷ്യന്റെ ആത്മാവും അല്ലാഹുവിന്റെ സൃഷ്ടിയാണ്; അഥവാ പരമാത്മാവിന്റെ അംശമല്ല മനുഷ്യാത്മാവ്. അവന്റെ റൂഹിൽനിന്ന് ഊതി എന്ന വാക്യത്തെ ചിലർ അദ്വൈത സിദ്ധാന്തത്തിനും എല്ലാ ആത്മാക്കളും ഒടുവിൽ ദൈവാത്മാവിൽ വിലയം പ്രാപിക്കുന്നു എന്ന വാദത്തിനും പ്രമാണമാക്കുന്നുണ്ട്. ദൈവാത്മാവ് എന്നാൽ ദൈവ സത്തയാണല്ലോ. ദൈവ സത്ത ആർക്കും വീതിക്കാവുന്ന ഒന്നല്ല. അത് അഖണ്ഡവും അവിഭാജ്യവുമായ ഏകമാണെന്നത് സുസ്ഥിര സത്യമാകുന്നു. മനുഷ്യനിൽ ആത്മാവൂതിയത് അവന്റെ കഴിവിന്റെ പ്രകടനമാണ്. പ്രകടനങ്ങൾ പ്രകടിപ്പിക്കുന്നവന്റെ അംശമല്ല, പ്രതിഭാവിലാസമാകുന്നു. സൂര്യൻ പകൽ സമയത്ത് അതിന്റെ ഉപഗ്രഹങ്ങൾക്കെല്ലാം വെളിച്ചം പകരുന്നു. അങ്ങനെ പകർന്നുകൊടുത്തതുകൊണ്ട് അതിന്റെ ചൂടിനോ വെളിച്ചത്തിനോ ഒരു കുറവും സംഭവിക്കുന്നില്ല. രാത്രിയാകുമ്പോൾ വെളിച്ചമെല്ലാം സൂര്യനിലേക്കു മടങ്ങുന്നുമില്ല.

കണ്ണിനും കാതിനും മനസ്സിനുമെല്ലാം വെളിച്ചം നൽകുന്ന ആത്മാവെന്ന അതിമഹത്തായ അനുഗ്രഹം

സിദ്ധിച്ചതുകൊണ്ടാണ് മനുഷ്യൻ സൃഷ്ടികളിലേറ്റം ശ്രേഷ്ഠനായിത്തീർന്നത്. ആത്മചൈതന്യം എന്നൊന്നില്ലായിരുന്നുവെങ്കിൽ അവന്റെയും അന്തരാളം തിര്യക്കുകളുടേതുപോലെ തന്നെയാകുമായിരുന്നു. ആത്മാവ് പ്രചോദിപ്പിക്കുന്ന മാനുഷിക ഗുണങ്ങളൊന്നും അവനിലുണ്ടാവില്ല. ആത്മാവിന്റെ അഭാവത്തിൽ കാതിനും കണ്ണിനും മനസ്സിനുമൊന്നും അവനെ കേവല ജൈന്തവ വാസനകൾക്കപ്പുറത്തേക്ക് നയിക്കാൻ കഴിയില്ല. എന്നാൽ മനുഷ്യനു ലഭിച്ച ആത്മാവിന്റെ പോഷണവും ദൂഷണവും വികാസവും സങ്കോചവുമെല്ലാം അവന്റെ ഇഛയെ ആശ്രയിച്ചിരിക്കുന്നു. ആത്മാവിനെയും അതിന്റെ മഹത്വത്തെയും മാനിക്കുന്നവർ അതിനെ വികസിപ്പിക്കുന്നു. ആത്മാവിനെ അവഗണിച്ച് ഭൗതികാസക്തികളെ പരിഗണിക്കുന്നവർ അതിനെ ദുഷിപ്പിക്കുന്നു. ഈ അവഗണനയുടെയും പരിഗണനയുടെയും തോതനുസരിച്ചായിരിക്കും ഓരോ വ്യക്തിയുടെയും നന്മതിന്മകൾ.

ആത്മാവ് ഊതപ്പെടും മുമ്പും മനുഷ്യനിൽ ഉൾക്കാഴ്ചയും ധർമബോധവുമില്ലാത്ത ഒരു പ്രാകൃത ദശ കടന്നുപോയിട്ടുണ്ടെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. സൂറ *അദ്ദഹ്റിൽ* ഇക്കാര്യം വ്യക്തമായി പ്രസ്താവിക്കുന്നുമുണ്ട്: هَلْ أَتَىٰ عَلَى الْإِنسَانِ حِينٌ مِّنَ الدَّهْرِ لَمْ يَكُن شَيْئًا مَّذْكُورًا (പ്രസ്താവ്യമായ വസ്തുവേ അല്ലാതിരുന്ന ഒരു കാലഘട്ടം മനുഷ്യനിൽ വന്നുപോയിട്ടില്ലയോ?). ആത്മാവ് ഊതപ്പെട്ടപ്പോഴാണ് അവയവങ്ങൾ അലങ്കാരങ്ങളായതും കണ്ണും കാതും തെളിഞ്ഞതും മനസ്സ് സചേതനമായതും.

സ്വന്തം പരിണാമങ്ങളെക്കുറിച്ച് മനസ്സു തുറന്നൊന്ന് ഓർത്തുനോക്കൂ, എങ്ങനെയാണ് അല്ലാഹു നിങ്ങളുടെ സൃഷ്ടി തുടങ്ങിയത്? എന്നിട്ടിപ്പോൾ എവിടെ എത്തിച്ചിരിക്കുന്നു! ഓരോ കോശത്തിന്റെ പേരിലും നിങ്ങൾ അവനോട് നന്ദിയുള്ളവരായിരിക്കാൻ കടപ്പെട്ടവരാണ്. അവന്റെ പരിചരണവും പരിപാലനവുമില്ലാതെ നിങ്ങളുടെ കഴിവുകളും യോഗ്യതകളുമിരിക്കട്ടെ, ഒരു രോമം പോലും നിലനിൽക്കുന്നില്ല. അവൻ നൽകിയ കഴിവുകളും ഗുണങ്ങളും അവന്റെ തൃപ്തിക്കൊത്തുമാത്രം വിനിയോഗിക്കുകയാണ് നന്ദിയുള്ളവരെങ്കിൽ നിങ്ങൾ ചെയ്യേണ്ടത്. പക്ഷേ മനുഷ്യർ വളരെ കുറച്ചേ അതൊക്കെ ഓർക്കുകയും കൂറും കൃതജ്ഞതയുമുള്ള ദാസന്മാരായി വർത്തിക്കുകയും ചെയ്യുന്നുള്ളൂ- قَلِيلًا مَّا تَشْكُرُونَ. ●

---

وَقَالُوا أَإِذَا ضَلَلْنَا فِي الْأَرْضِ أَإِنَّا لَفِي خَلْقٍ جَدِيدٍ ۚ بَلْ هُم بِلِقَاءِ رَبِّهِمْ كَافِرُونَ ﴿١٠﴾

10. ഈ ജനം ചോദിക്കുന്നു; നമ്മൾ മരിച്ച് മണ്ണിൽ ലയിച്ചു കഴിഞ്ഞ ശേഷം പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ? പക്ഷേ, ഒരുനാൾ വിധാതാവിനെ കണ്ടുമുട്ടുന്നതിനെ നിഷേധിക്കുകയാണവർ.

**10**

وَقَالُوا = അവർ പറയുകയും ചെയ്തു (ഈ ജനം ചോദിക്കുന്നു)

أَإِذَا ضَلَلْنَا فِي الْأَرْضِ = ഭൂമിയിൽ ഞങ്ങൾ (മരിച്ചു മണ്ണിൽ ലയിച്ചു കഴിഞ്ഞാൽ) പാഴായിപ്പോയല്ലോ?

أَإِنَّا لَفِي خَلْقٍ جَدِيدٍ = ഞങ്ങൾ പുതിയ ഒരു സൃഷ്ടിയിലാണോ (പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ?)

بَلْ هُم = പക്ഷേ, അവർ بِلِقَاءِ رَبِّهِمْ = അവരുടെ വിധാതാവിനെ കണ്ടുമുട്ടുന്നതിനെ

كَافِرُونَ = നിഷേധിക്കുന്നവരാണ് (ക്കുകയാണ്)

قَالُوا എന്ന വാക്കിനെ وا കൊണ്ട് നേരത്തേ പറഞ്ഞ വിഷയവുമായി ബന്ധിപ്പിച്ചിരിക്കുന്നു. വേദത്തിന്റെ ദൈവികതയെയും ദൈവത്തിന്റെ ഏകത്വത്തെയും മുഹമ്മദീയ പ്രവാചകത്വത്തെയുമെല്ലാം നിഷേധിക്കുന്നവർ സ്രഷ്ടാവായ അല്ലാഹു നൽകിയ അനുഗ്രഹങ്ങളോടെല്ലാം കൃതഘ്നരായിക്കൊണ്ട് മരണാനന്തര ജീവിതത്തെക്കുറിച്ച് ഇങ്ങനെ പറയുകയും ചെയ്യുന്നു: ഞങ്ങൾ മരിച്ചു മണ്ണിൽ ലയിച്ചു കഴിഞ്ഞശേഷം പിന്നെയും പുതുതായി സൃഷ്ടിക്കപ്പെടുമെന്നോ?! അതൊരിക്കലും സംഭവിക്കാൻ പോകുന്നില്ല. സംഭവ്യമാണെങ്കിൽ നേരത്തേ മരിച്ചുപോയവരൊക്കെ പുനരുജ്ജീവിക്കേണ്ടതല്ലേ? ഈ ചോദ്യത്തിന് ഇവിടെ നേരിട്ടു മറുപടി പറയുന്നില്ല. സൂറ *അൽ ഇസ്റാഅ്* 49-52 സൂക്തങ്ങളിൽ ഈ ചോദ്യത്തിന് ഉത്തരം നൽകിയിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണാം.

ضلالة (പിഴ, ഭ്രംശം, ജീർണം, പാഴ്, നാശം) -ൽനിന്നുള്ള ഉത്തമ പുരുഷ ഭൂത ക്രിയയാണ് ضَلَلْنَا. ഞങ്ങൾ ജീർണിച്ചു മണ്ണിൽ ലയിച്ചു എന്നാണ് ضَلَلْنَا فِي الْأَرْضِ യുടെ

ആശയം. 'ഞങ്ങൾ' ജീർണിക്കുന്നു എന്ന വിചാരം തന്നെ തെറ്റാണ്. യഥാർഥ 'ഞങ്ങൾ' ഞങ്ങളുടെ ആത്മാവാണ്. ആത്മാവിന്റെ വാഹനമാണ് ജഡം. മരിക്കുന്നതും നശിക്കുന്നതും ആത്മാവല്ല, ജഡമാണ്. ഭൗതിക ജഡം നഷ്ടപ്പെട്ടാലും ആത്മാവ് അഭൗതികലോകത്ത് (ബർസഖിൽ) നിലനിൽക്കും. അന്ത്യനാളിൽ നേരത്തേയുണ്ടായിരുന്ന ജഡം അല്ലാഹു അവർക്ക് പുനഃസൃഷ്ടിച്ചു കൊടുക്കുകയും ചെയ്യുന്നു. ഒരിക്കൽ സൃഷ്ടിക്കുകയും ആത്മാവിനെ വസിപ്പിക്കുകയും ചെയ്ത ജഡം നശിപ്പിച്ച ശേഷം വീണ്ടും അതേപടി സൃഷ്ടിച്ചുകൊടുക്കുക. അതാദ്യം സൃഷ്ടിച്ച അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല. ഇതൊന്നും മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടല്ല ആളുകൾ പരലോകത്തെ നിഷേധിക്കുന്നത്. മരണാനന്തരം ജീവിതമുണ്ടെന്നും ആ ജീവിതത്തിൽ ഐഹിക ജീവിതത്തിന്റെ കണക്ക് ബോധിപ്പിക്കേണ്ടതുണ്ടെന്നും അംഗീകരിച്ചാൽ ജീവിതത്തിൽ പലവക ഉത്തരവാദിത്തങ്ങളർപ്പിതമാവുകയും നിയന്ത്രണങ്ങൾ വന്നുചേരുകയും ചെയ്യും. ഈ ഉത്തരവാദിത്തങ്ങളും നിയന്ത്രണങ്ങളും ദേഹേഛകളെ യഥേഷ്ടം പിൻപറ്റുന്നതിനും സർവതന്ത്ര സ്വതന്ത്രമായി ജീവിക്കുന്നതിനും തടസ്സമാകുന്നു. സത്യത്തിന്റെയും ധർമത്തിന്റെയും നീതിയുടെയും കടിഞ്ഞാണുകളില്ലാതെ ജീവിക്കാനിഷ്ടപ്പെടുന്നവർ ഒരു നാൾ അല്ലാഹുവിനെ കണ്ടുമുട്ടുമെന്നും അവന്റെ വിചാരണക്ക് വിധേയമാകുമെന്നുമുള്ള യാഥാർഥ്യത്തെ നിഷേധിക്കുകയാണ്. ●

---

قُلْ يَتَوَفَّاكُم مَّلَكُ الْمَوْتِ الَّذِي وُكِّلَ بِكُمْ ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ ﴿١١﴾

11. പ്രവാചകൻ അവരെ ഉദ്ബോധിപ്പിക്കുക; നിങ്ങളുടെ കാര്യം ഏൽപിക്കപ്പെട്ട മലക്കുകൾ നിങ്ങളുടെ ആത്മാക്കളെ പിടിച്ചെടുക്കുന്നതാകുന്നു. അനന്തരം നിങ്ങൾ വിധാതാവിലേക്ക് തിരിച്ചയക്കപ്പെടും.

**11**

قُلْ = നീ പറയുക (പ്രവാചകൻ അവരെ ഉദ്ബോധിപ്പിക്കുക)

يَتَوَفَّاكُم = നിങ്ങളെ മരിപ്പിക്കും (ആത്മാവിനെ പിടിച്ചെടുക്കുന്നതാകുന്നു)

مَّلَكُ الْمَوْتِ = മരണത്തിന്റെ മലക്ക് الَّذِي وُكِّلَ بِكُمْ = നിങ്ങ(ളുടെ കാര്യങ്ങ)ൾ ഏൽപിക്കപ്പെട്ടവരായ

ثُمَّ إِلَىٰ رَبِّكُمْ تُرْجَعُونَ = അനന്തരം നിങ്ങൾ നിങ്ങളുടെ വിധാതാവിലേക്ക് തിരിച്ചയക്കപ്പെടും

ഇങ്ങനെ മരണാനന്തര ജീവിതം നിഷേധിക്കുന്നവരെ പ്രവാചകൻ ഉദ്ബോധിപ്പിക്കുക: അമൂല്യമായ അനേകം കഴിവുകളും യോഗ്യതകളും നൽകി നിങ്ങളെ സുന്ദരമായി സൃഷ്ടിച്ചത് കുറേ നാൾ ഈ ഭൂമിയിൽ ഇഷ്ടാനുസാരം ജീവിച്ച് മൺമറഞ്ഞില്ലാതാവനല്ല; നിങ്ങളുടെ സിദ്ധികൾ എങ്ങനെ ഉപയോഗിക്കുന്നുവെന്ന് പരീക്ഷിക്കാനാണ്. നിങ്ങളുടെ കാര്യങ്ങൾ നോക്കാൻ അവൻ മലക്കുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവർ നിദാന്തമായി നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ ദേഹിക്കും അതിന്റെ ദേഹത്തിൽ പ്രവർത്തിക്കാൻ അവധി നിശ്ചയിച്ചിരിക്കുന്നു. ആ അവധിയെത്തിയാൽ ഒരുനിമിഷം മുന്തുകയോ പിന്തുകയോ ചെയ്യാതെ അതിന്റെ ചുമതലയുള്ള മലക്കുകൾ ആത്മാവിനെ ജഡത്തിൽനിന്ന് ഊരിയെടുത്തു സൂക്ഷിക്കുന്നു. പിന്നീട് മൊത്തം മനുഷ്യവർഗത്തിന്റെ ജീവിതാവധി അവസാനിക്കുന്ന അന്ത്യനാളിൽ അവർ നിങ്ങളെ അല്ലാഹുവിന്റെ സമക്ഷം സമർപ്പിക്കും.

توكيل (കൈകാര്യച്ചുമതല)യിൽനിന്നുള്ള കർമണി പ്രയോഗമാണ് وُكِّلَ. ചുമതലക്കാരൻ وَكِيل ആണ്. تَوَفِّي -യുടെ ആശയം 3:55 സൂക്തത്തിനു താഴെ *ഖുർആൻ ബോധനം* വ്യക്തമാക്കിയിരിക്കുന്നു. പിടിച്ചെടുത്തു കൈവശം വെക്കുന്നു എന്നാണ് ഈ സന്ദർഭത്തിൽ താൽപര്യം. മരിപ്പിക്കുന്നു എന്നും തർജമയാവാം.

മലക്കുകൾ പിടിച്ചെടുത്ത ആത്മാക്കളെ അല്ലാഹുവിങ്കൽ സമർപ്പിക്കുന്ന ദിവസമാണ് വിചാരണാനാൾ. അന്ന് അവന്റെ വിചാരണയിൽനിന്ന് നിങ്ങളെ ഒഴിവാക്കാനോ അവനോട് ശിപാർശ ചെയ്ത് ശിക്ഷകളിൽനിന്ന് രക്ഷിക്കാനോ ആരുമുണ്ടാവില്ല എന്ന ധ്വനികൂടിയുണ്ട് إِلَىٰ رَبِّكُمْ تُرْجَعُونَ എന്ന വാക്യത്തിൽ. മരണത്തിന്റെ മലക്ക്- مَّلَكُ الْمَوْتِ-അസ്റാഈൽ -عزرائيل- എന്ന മലക്കാവാം. അസ്റാഈലിന്റെ കീഴിൽ ഓരോ വ്യക്തിയെയും നിരീക്ഷിക്കാൻ നിയുക്തനായ മലക്കുമാവാം. മലക്കുകൾ സ്വതന്ത്രമായി തീരുമാനിച്ചിട്ടല്ല മനുഷ്യരെ മരിപ്പിക്കുന്നത്. ഓരോ ജീവിയുടെയും മരണത്തിന് അല്ലാഹു കൃത്യമായ സമയം നിർണയിച്ചിട്ടുണ്ട്. ആ സമയമെത്തിയാൽ മാത്രമേ അവരതു ചെയ്യൂ. മലക്കുൽ മൗത്ത് നബി(സ)യോട് പറഞ്ഞതായി ത്വബറാനിയും അബൂസഈദും ഉദ്ധരിക്കുന്നു:

والله لَوْ اَرَدتُ اَنْ اَقْبِض روحَ بَعُوضَة مَا قَدَرْتُ عَلَى ذَلِكَ حَتَى يَكُونَ اللهُ هُوَ يأذن لِي

'അല്ലാഹുവാണ, ഒരു കൊതുകിന്റെ ജീവൻ പിടിച്ചെടുക്കാൻ പോലും ഞാൻ വിചാരിച്ചാൽ കഴിയില്ല; അല്ലാഹു തന്നെ എന്നോടതു കൽപിക്കുന്നതുവരെ.' ●